പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഈ കോർപ്പറേഷന്റെ പ്രവർത്തനം ഫലപ്രദമല്ല. പാവപ്പെട്ട വിമുക്ത ഭടന്മാരുടെ അവകാശവും താൽപ്പര്യവും സംരക്ഷിക്കാനോ അവരുടെ പുനരധിവാസം ഉറപ്പു വരുത്താനോ ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനോ ഈ കോർപ്പറേഷന് കഴിഞ്ഞിട്ടില്ല. ഇതിൽ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് സംസ്ഥാന എക്സ്-സർവ്വീസ് ലീഗ് നാളെ വഴുതക്കാട് ഓഫീസിനുമുമ്പിൽ ഒരു ധർണ്ണ നടത്തുകയാണ്. ഈ പ്രശ്നത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട്, ഈ കോർപ്പറേഷന്റെ പ്രവർത്തനം പ്രയോജനപ്രദവും ഫലപ്രദവും ആക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, റിട്ടയേർഡ് കേണൽ പി. വി. മേനോൻ മാനേജിംഗ് ഡയറക്ടറായി ഏഴ് അംഗങ്ങളുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിമുക്ത ഭടന്മാരുടെ ക്ഷേമത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നത് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങളാണ്. വിമുക്ത ഭടന്മാരെ സെക്യൂരിറ്റി സേവനത്തിന് നിയമിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ് ലീഗ് ഇടുക്കി ഡിസ്ട്രിക്ട് കൗൺസിൽ ഫയൽ ചെയ്ത ഒ. പി. യിൻമേൽ ഇവരുടെ വേതനം മിനിമം വേജസ് നിരക്കിൽ കൊണ്ടുവരണമെന്ന് വിധിയുണ്ട്. റീ-സെറ്റിൽമെന്റ് ഡയറക്ടർ ജനറൽ നിശ്ചയിച്ച വേതന വ്യവസ്ഥയിന്മേൽ നിയമനം നടത്തുവാൻ ഒരു സ്ഥാപനവും മുന്നോട്ടു വരുന്നില്ല എന്നാണ് അറിഞ്ഞത്. 'ഈ സാഹചര്യത്തിൽ pay and work സംവിധാനം, ടോൾ പിരിവ് തുടങ്ങിയവ ഉൾപ്പെടുത്തി വിമുക്ത ഭടന്മാരുടെ സേവനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഗവൺമെന്റ് അതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതാണ്.

(4) സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിലെ വീഴ്ച

ശ്രീ. കെ. പി. രാജേന്ദ്രൻ: സംസ്ഥാനത്തുള്ള സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷനും ചികിൽസാ ആനുകൂല്യങ്ങളും സംബന്ധിച്ചാണ് ഈ സബ്മിഷൻ. സ്റ്റേറ്റ് പെൻഷൻ ലഭിക്കുന്നവർക്ക് 7 ശതമാനം ഡി. എ.-യും സെൻട്രൽ പെൻഷൻ ലഭിക്കുന്നവർക്ക് 35 ശതമാനം ഡി. എ.-യുമുണ്ട്. അതുകൊണ്ട് സ്റ്റേറ്റ് പെൻഷൻ കിട്ടുന്നവരുടെ ഡി. എ. 35 ശതമാനമായി വർദ്ധിപ്പിക്കണം. നിത്യരോഗികളും വന്ദ്യവയോധികരുമായ ഇവരുടെ ചികിൽസാ ചെലവ് ഒരു സർക്കാർ ഉത്തരവ്പ്രകാരം സർക്കാരാണ് വഹിച്ചിരുന്നത്. പക്ഷേ, ഇവരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കൃത്യമായി കൊടുക്കുന്നില്ല. അതിന് വലിയ കാലതാമസം വരുന്നു. അവരുടെ ചികിൽസാ ചെലവ് കൃത്യമായി കൊടുക്കാൻ അടിയന്തിര നടപടിയെടുക്കാനും അവരെ ബഹുമാനിക്കാനും ഈ സ്വാതന്ത്ര്യദിനത്തിനുമുമ്പ് ഗവൺമെന്റ് തീരുമാനമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സ്വാതന്ത്ര്യ സമര സേനാനികളെ ബഹുമാനിച്ചു കൊണ്ടുതന്നെയാണ് ഞങ്ങളെല്ലാപേരും മുന്നോട്ടുപോകുന്നത്. അവരുടെ കാര്യത്തിൽ യാതൊരു വിമുഖതയും കാണിക്കുന്നില്ല. അവരുടെ പെൻഷൻ ചിട്ടയായിട്ട് കൊടുക്കുന്നുണ്ട്. സ്വാതന്ത്ര്യ സമര സേനാനികളിൽ 9,728 പേർ സംസ്ഥാന പെൻഷൻ വാങ്ങുന്നവരും 3,000 പേർ കേന്ദ്ര പെൻഷൻ വാങ്ങുന്ന വരുമാണ്. അവർക്ക് മരണാനന്തര ചടങ്ങുകൾക്കായി ആയിരം രൂപ കൊടുത്തിരുന്നു. ഇപ്പോൾ 3,000 രൂപ കൊടുക്കുന്നുണ്ട്. അവർക്ക് 7 ശതമാനം ഡി. എ. കൊടുക്കുന്നുണ്ട്. അത് 35 ശതമാനമാക്കാൻ പ്രയാസമാണ്. ആലോചിച്ചിട്ടേ അത് ചെയ്യാനാകൂ. അവർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കൊടുക്കുന്നതിൽ വലിയ വിമുഖത കാണിക്കുന്നുവെന്ന് പറയുന്നത് ശരിയല്ല. ചിലപ്പോൾ കുറച്ച് താമസം വരും. ഏതായാലും പെട്ടെന്ന് കൊടുക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. തീർച്ചയായും അവരുടെ കാര്യങ്ങൾ വളരെ ഗൗരവമായി ആലോചിക്കുന്നതാണ്.

മി. സ്പീക്കർ: യാതൊരു സ്വാതന്ത്ര്യസമരത്തിലും പങ്കെടുക്കാത്ത കുറേ പേർ പെൻഷൻ വാങ്ങുന്നുണ്ട്. അത് നിർത്താൻ എന്തെങ്കിലും നടപടി യെടുക്കുമോ? സ്വാതന്ത്ര്യം കിട്ടി 57 വർഷം കഴിഞ്ഞിട്ടും ഇപ്പോഴും സ്വാതന്ത്ര്യ സമര പെൻഷൻ കൊടുക്കുന്നുണ്ട്.

(5) വിധവ-അഗതികളുടെ പ്രശ്നങ്ങൾ

ശ്രീമതി രാധാരാഘവൻ: കേരളത്തിലെ വിധവ-അഗതികളുടെ സർവ്വേ നടത്തി ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുടെ കണക്കെടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിധവ-അഗതികൾക്ക് വീടു നിർമ്മാണം, വീട് റിപ്പയറിംഗ്, സാനിട്ടറി സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്കുള്ള ആളോഹരി ഫണ്ട് വർദ്ധിപ്പിക്കണം. ചികിൽസാ ഫണ്ട് അനുവദിക്കാനും മക്കൾക്ക് സ്റ്റൈപ്പന്റ് നൽകാനും വിധവ-അഗതി പെൻഷൻ 300 രൂപയാക്കി ഉയർത്താനും 18 വയസ്സുള്ള ആൺമക്കളുണ്ടെങ്കിലും പെൻഷൻ നൽകാനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): വിധവ-അഗതികൾക്ക് പെൻഷനും മറ്റ് സഹായങ്ങളും നൽകുന്ന പദ്ധതി ഇപ്പോൾത്തന്നെയുണ്ട്. വേറെയും പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പുതിയ പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടില്ല. നഗരസഹായി എന്ന പദ്ധതി ഏക കുടുംബനാഥകൾക്ക് "Own your auto" എന്ന പേരിൽ നടപ്പിലാക്കുന്നുണ്ട്. വിധവകളുടെ പുനരധിവാസത്തിനായി കേന്ദ്ര സഹായത്തോടുകൂടി "സ്വതർ ഹോമുകൾ" ആരംഭിക്കാനുള്ള പരിപാടിയുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളു മായി സഹകരിച്ച് 101 പഞ്ചായത്തുകളിൽ അഗതി പുനരധിവാസ പദ്ധതി കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതുപോലെ പെൻഷൻ പദ്ധതി എല്ലാപേർക്കും അറിയാവുന്നതാണ്. അതും ഉണ്ട്. പ്രത്യേ കമായി ഇനിയും കേന്ദ്ര സഹായമുണ്ടോ, വല്ല പദ്ധതികളുമുണ്ടോ എന്ന് ആലോചിക്കുകയും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly